**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 452** **03-11-2021 - ൽ മറുപടിയ്ക്ക്**

**ലഹരി വിമുക്ത കേരളം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി സ്റ്റീഫൻ,<br>ഡോ.കെ.ടി.ജലീൽ,<br>ശ്രീ ഒ . ആർ. കേളു,<br>ശ്രീ. എ. പ്രഭാകരൻ** | | **Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | ലഹരി വിമുക്ത കേരളം എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി എന്തൊക്കെ പ്രവർത്തനങ്ങളാണ് എക്സൈസ് വകുപ്പ് നടപ്പാക്കി വരുന്നതെന്ന് വിശദമാക്കാമോ; | (എ) | 'ലഹരിമുക്ത കേരളം' എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളിലൂടെയും, ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെയും സംസ്ഥാനത്ത് ദ്വിമുഖ നയമാണ് സർക്കാർ സ്വീകരിച്ചു വരുന്നത്. വ്യാജമദ്യം, മയക്കുമരുന്ന്, നിരോധിത പുകയില ഉൽപ്പന്നങ്ങൾ എന്നിവയുടെ കടത്ത്, വിൽപ്പന, ഉപയോഗം എന്നിവയ്ക്കെതിരെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതോടൊപ്പം ബോധവൽക്കരണം ഉൾപ്പെടെയുള്ള വിവിധ പ്രവർത്തനങ്ങളിലൂടെ 'ലഹരിമുക്ത കേരളം' എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി കേരള സംസ്ഥാന ലഹരി വർജ്ജനമിഷൻ വിമുക്തിക്ക് രൂപം നൽകിയിട്ടുമുണ്ട് . 'വിമുക്തി മിഷൻ' മുഖേന ലഹരിക്കെതിരെ വിവിധ തലങ്ങളിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുകയും, ലഹരിക്കടിമപ്പെട്ടവർക്ക് ലഹരി മോചന ചികിത്സ, കൗൺസിലിംഗ് എന്നിവ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും, പൊതുജന പങ്കാളിത്തത്തോടെയും മറ്റ് സർക്കാർ വകുപ്പുകളുടെ സഹകരണത്തോടെയും വിവിധ പദ്ധതികൾ നടപ്പിലാക്കി വരുകയും ചെയ്യുന്നു. വിദ്യാലയങ്ങളിൽ രൂപീകരിച്ചിട്ടുള്ള ലഹരിവിരുദ്ധ ക്ലബ്ബുകൾ മുഖേനെയും, പുതുതായി ആവിഷ്കരിച്ച 'ഉണർവ്വ്' എന്ന കായിക പരിശീലന പദ്ധതിയിലൂടെയും സ്കൂൾ കുട്ടികൾക്കിടയിൽ ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു വരുന്നു. സമാന ലക്ഷ്യത്തിനായി കോളേജ് ക്യാമ്പസ്സുകളിൽ 'നേർക്കൂട്ടം' എന്ന പേരിലും, കോളേജ് ഹോസ്റ്റലുകളിൽ 'ശ്രദ്ധ' എന്ന പേരിലും കമ്മിറ്റികൾ രൂപീകരിച്ചു വരുന്നു. കൂടാതെ, എല്ലാ |

| | | | |
|---|---|---|---|
| | | | തദ്ദേശ ഭരണ സ്ഥാപനങ്ങളിലും വാർഡുതല വിമുക്തി കമ്മിറ്റികൾ രൂപീകരിച്ച് ബോധവത്ക്കരണ പ്രവർത്തനങ്ങളും ലഹരി വിമുക്ത ചികിത്സയ്ക്കുള്ള നടപടികളും സ്വീകരിച്ചു വരുന്നു. തീരദേശമേഖലയിലും, ആദിവാസിമേഖലയിലും കുട്ടികളിലും യുവാക്കളിലും, കായിക ശേഷി വർദ്ധിപ്പിക്കുന്നതിനും അവർ അനഭിലഷണീയ പ്രവണതകളിൽ ഏർപ്പെടാതിരിക്കുവാനും "ഫിറ്റ്നെസ്സ് കേന്ദ്രങ്ങൾ" തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. എല്ലാ ജില്ലകളിലും നിലവിൽ പ്രവർത്തിക്കുന്ന ഡി-അഡിക്ഷൻ സെന്ററുകൾ കൂടാതെ രണ്ടു ഡി-അഡിക്ഷൻ സെന്ററുകൾ കൂടി ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നു. എൻ.ഡി.പി.എസ്. കേസ്സുകളിൽ ഉൾപ്പെട്ട 21 വയസ്സിൽ താഴെ പ്രായമുള്ളവർ വീണ്ടും ലഹരി ഉപയോഗ സാധ്യതയിലേക്ക് പോകാതിരിക്കുവാൻ അവർക്ക് കൗൺസിലിംഗ്/ചികിത്സ നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |
| (ബി) | ഓൺലൈൻ പ്ളാറ്റ്ഫോം മുഖേന ലഹരി മരുന്നുകളുടെ വില്പന വ്യാപകമാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | (ബി) | ഓൺലൈൻ പ്ലാറ്റ് ഫോം മുഖേന ലഹരി മരുന്നുകളുടെ വിൽപ്പന നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ വ്യാപകമാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കണ്ണൂർ ജില്ലയിൽ ഇത്തരത്തിൽ ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇത് തടയുന്നതിനായി ഓൺലൈൻ സ്ഥാപനങ്ങളിലും, ഓൺലൈൻ പാഴ്സലുകൾ കൈകാര്യം ചെയ്യുന്ന പാഴ്സൽ സർവ്വീസ് ഏജൻസി ഓഫീസുകളിലും നിരന്തരം പരിശോധനകൾ നടത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ